# ശ്രീപൂർണ്ണത്രയീശ വൃദ്ധസദനം

**ചാരിറ്റബിൾ ട്രസ്റ്റ്** Reg. No. 525/IV/2013

Vasudhaiva Kutumbakam
വസുധൈവ കുടുംബകം
സ്ഥാപിതം 2013

കാറാത്ത് റോഡ്, (**Opp. MRF Tyre Service**) പുതിയകാവ് വളവ്, തൃപ്പൂണിത്തുറ – 682301 E-mail : info@vridhasadanam.com | www. vridhasadanam.com

**PH: 0484 2782960, 99951 99200, 94468 02987, 99954 47211, 95394 39787**

**BOARD OF CONTROL FOR ORPHANAGE AND OTHER CHARITABLE HOMES (KERALA) REG.NO. 2257/2014**

**വാർഷിക സപ്ലിമെന്റ്** 2020 ഫെബ്രുവരി




# എന്തുകൊണ്ട് വൃദ്ധസദനങ്ങൾ...?

പാശ്ചാത്യരാജ്യങ്ങളിലാണ് വൃദ്ധമന്ദിരങ്ങൾ എന്ന ആശയം ഉടലെടുത്തത്. പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കുവാൻ സമയമില്ലാത്ത മക്കൾ, പണം കൊടുത്ത് അച്ഛനെയും അമ്മയെയും "ആധുനിക സൗകര്യങ്ങൾ ഉള്ള ഓൾഡ് ഏജ് ഹോമുകളിൽ" പാർപ്പിച്ചിരുന്ന രീതി. എന്നാൽ നമ്മുടെ കൊച്ചു കേരളത്തിൽ ഇപ്പോഴത്തെ രീതി അതല്ല. അണുകുടുംബങ്ങൾ പെരുത്തതോടെ വൃദ്ധരായ മാതാപിതാക്കൾ, മക്കൾക്ക് വെറുക്കപ്പെട്ട വസ്തുക്കളായി മാറി. അമ്പലനടയിലും തെരുവോരങ്ങളിലും ആശുപത്രികളിലും ഉപേക്ഷിക്കപ്പെടുന്ന അല്ലെങ്കിൽ നടതള്ളുന്ന "കൺകണ്ട ദൈവങ്ങളെ" വസ്ത്രവും ചികിത്സയും മാനസിക ഉല്ലാസവും നൽകി സംരക്ഷിക്കുന്ന വൃദ്ധസദനങ്ങളുടെ പട്ടികയിൽ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്ന തൃപ്പൂണിത്തുറയിലെ ഒരു മികച്ച പ്രസ്ഥാനമാണ് ശ്രീപൂർണ്ണത്രയീശ വൃദ്ധസദനം. സ്വന്തം മനസ്സാക്ഷിയിൽ നിന്നുണ്ടായ തിരിച്ചറിവിലൂടെ ഈ രംഗത്തേക്ക് കടന്നുവന്ന ശ്രീ. ഗോപാൽജിയുടെ നേതൃത്വത്തിൽ 2013 ഒക്ടോബറിൽ തുടങ്ങിയ ശ്രീപൂർണ്ണത്രയീശ വൃദ്ധസദനം, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട 5 അന്തേവാസികളുമായാണ് പ്രവർത്തനം ആരംഭിച്ചത്. തൃപ്പൂണിത്തുറ ഫയർ സ്റ്റേഷന് സമീപത്ത്, പിന്നീട് പഴയ ബസ് സ്റ്റാന്റ്, അതിനുശേഷം വടക്കേ കോട്ടയിലും ഇപ്പോൾ പുതിയകാവിലും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 13 അന്തേവാസികളാണ് ഇപ്പോൾ ഈ വൃദ്ധസദനത്തിലുള്ളത്. ഇക്കാലയളവിൽ 5 വൃദ്ധരായ അമ്മമാർ ഇവരുടെ സാന്ത്വനപരിചരണങ്ങൾ ഏറ്റുവാങ്ങി ഈ ലോകത്തിൽ നിന്നും കടന്നുപോയി. മക്കൾ ഉപേക്ഷിച്ച ഈ അഞ്ചുപേർക്കും മക്കളുടെ സ്ഥാനത്ത് നിന്ന് ശ്രീപൂർണ്ണത്രയീശ വൃദ്ധസദനത്തിലെ സേവനതല്പരരായ പ്രവർത്തകർ അർഹമായ വിട നൽകി. 3 വർഷം മുമ്പ് ലിസ്സി ആശുപത്രിയിൽ നല്ല സാമ്പത്തിക സൗകര്യങ്ങൾ ഉള്ള മക്കൾ ഉപേക്ഷിച്ച ഒരു വൃദ്ധമാതാവിനെ ഏറ്റെടുത്ത് ശ്രീപൂർണ്ണത്രയീശ വൃദ്ധസദനത്തിലെ പ്രവർത്തകർ സംരക്ഷിച്ച സംഭവം വാർത്ത മാധ്യമങ്ങളുടെ പ്രശംസ നേടിയിരുന്നു. സമൂഹത്തിൽ ആർക്കും വേണ്ടാത്തവരെ സ്വന്തം പ്രയത്നം കൊണ്ടും സുമനസ്സുകളായ മനുഷ്യസ്നേഹികളുടെ സഹായം കൊണ്ടും സംരക്ഷിക്കുക എന്നത് അത്ര എളുപ്പമായ കാര്യമല്ല. വസ്ത്രം, ഭക്ഷണം, സാന്ത്വനം, സ്നേഹപൂർവ്വമായ ഇടപെടൽ, ആവശ്യമായ മെഡിക്കൽ സഹായം എന്നിവയെല്ലാം ശ്രീപൂർണ്ണത്രയീശ വൃദ്ധസദനത്തിന്റെ പ്രത്യേകതയാണ്. പാലിയേറ്റീവ് സാന്ത്വന രംഗത്തും മികച്ചരീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ദൈനംദിന കാര്യങ്ങൾ പോലും നടത്തിക്കൊണ്ടുപോകുവാൻ ബുദ്ധിമുട്ടുമ്പോഴും പൊതുസമൂഹത്തിൽ അവശതയനുഭവിക്കുന്നവരെ സഹായിക്കുവാൻ കാണിക്കുന്ന മനോഭാവം ശ്ലാഘനീയമാണ്. ജാതിമത വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ അവശതയനുഭവിക്കുന്ന, സമൂഹം തിരസ്കരിക്കുന്ന വൃദ്ധരെ ഏറ്റെടുത്ത് പരിപാലിക്കുന്ന ഈ പ്രസ്ഥാനം കൂടുതൽ നന്നായി, വിപുലമായി തീരേണ്ടത് സമൂഹത്തിന്റെ ആവശ്യകത കൂടിയാണ്. 6-ാമത് വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ സ്വന്തമായി ഒരു ആസ്ഥാനം ഉണ്ടാക്കുവാൻ ഒരു എളിയ ശ്രമം ആരംഭിക്കുന്ന ശ്രീപൂർണ്ണത്രയീശ വൃദ്ധസദനത്തിന്റെ പ്രവർത്തകരെ അഭിനന്ദിക്കുന്നു. നിങ്ങളുടെ ഈ പ്രയത്നങ്ങൾക്ക് ഈശ്വരാനുഗ്രഹവും എല്ലാ നന്മകളേയും പ്രോത്സാഹിപ്പിക്കുന്ന പൊതുസമൂഹത്തിന്റെ മുഴുവൻ പിന്തുണയും ഉണ്ടാകും എന്നകാര്യം തീർച്ചയാണ്. എല്ലാ മതഗ്രന്ഥങ്ങളും പ്രകീർത്തിക്കുന്ന "മാതാ-പിതാ -ഗുരു-ദൈവം" എന്ന മഹനീയ ആശയം മറന്നുപോകുന്ന ഒരു സമൂഹത്തെ അത് ഓർമ്മിപ്പിക്കുകയും, പ്രസംഗമല്ല പ്രവർത്തനമാണ് വേണ്ടത് എന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്ന ശ്രീ. ഗോപാൽജിയും പത്നി ലീനയും ശ്രീപൂർണ്ണത്രയീശ വൃദ്ധസദനത്തിന്റെ എല്ലാ പ്രവർത്തകരും അനുമോദനം അർഹിക്കുന്നു.



■ ശ്രീപൂർണ്ണത്രയീശ വൃദ്ധസദനത്തിലെ അമ്മമാർ



■ കലൂർ ശ്രീരാമകൃഷ്ണ സേവാശ്രമത്തിന്റെ 36-ാമത് വാർഷികത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ 2019ലെ സാമൂഹ്യസേവനത്തിനുള്ള പുരസ്കാരം പ്രശസ്ത സിനിമ സംവിധായകൻ ശ്രീ. അലി അക്ബറിൽ നിന്നും ഗോപാൽജി ഏറ്റുവാങ്ങുന്നു.



**പുണ്യാത്മാക്കളെ സാദര നമസ്കാരം...**

തേങ്ങലുകളുടേയും, വിങ്ങലുകളുടേയും ഒറ്റപ്പെടലിന്റേയും, രോഗപീഢകളുടേയും വേദനകൾ നിറഞ്ഞ കാലമാണ് വാർദ്ധക്യം. നിരാലംബരായ, സാമ്പത്തിക പരാധീനതകളുള്ളവരുടെ കാര്യം അതിദയനീയമായി മാറിക്കൊണ്ടിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും, വൈദ്യസാഹയം പോലുള്ള സേവനങ്ങൾക്ക് ഉണ്ടായിട്ടുള്ള നിരക്ക് വർദ്ധനകളും വാർദ്ധക്യത്തിലെ പ്രശ്നങ്ങളെ നേരിടുന്നതിന് വയോജനങ്ങൾക്കുള്ള പ്രയാസം വർദ്ധിപ്പിക്കുന്നു. ഏതാണ്ട് 1500 രൂപയോളം വരുന്ന പ്രതിമാസ പെൻഷൻ നൽകി സർക്കാർ പ്രശ്നങ്ങളിൽ ഇടപെടാതെ കാഴ്ചക്കാരനെപ്പോലെ നിൽക്കുന്നു. സർക്കാരിന്റെ മേൽനോട്ടത്തിൽ നടക്കുന്ന രണ്ടോ, മൂന്നോ വൃദ്ധസദനങ്ങളിലെ നൂറിൽപ്പരം അന്തേവാസികൾക്ക് സംരക്ഷണം നൽകുന്നതൊഴിച്ചാൽ മറ്റുള്ളവർക്ക് എന്തുസംരക്ഷണമാണ് ലഭിക്കുന്നത്.

കേരളത്തിൽ ആയുർദൈർഘ്യം കൂടിയതുമൂലം 90 കടക്കുന്ന വൃദ്ധന്മാരുടെയും, വൃദ്ധകളുടെയും എണ്ണം കൂടിക്കൂടി വരുന്നു.

സ്ത്രീകളുടെ ആയുർദൈർഘ്യത്തിലാണ് വൻവർദ്ധവ്. കേരളം നേരിടുന്ന ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കാൻ ഞങ്ങളും ചിലതൊക്കെ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷമായി വൃദ്ധമാതാക്കൾക്ക് മാത്രമായി നടത്തുന്ന ശ്രീപൂർണ്ണത്രയീശ വൃദ്ധസദനം ഈ ദിശയിൽ ഞങ്ങളുടെ ആത്മാർത്ഥതയുടെയും സന്മനസ്സിന്റേയും, നിസ്വാർത്ഥതയുടെയും ഒരു പ്രകടനമാണ്. ഞങ്ങളുടെ ഈ കൂട്ടായ്മയാണ് ചാരിറ്റബിൾ ട്രസ്റ്റായി പ്രവർത്തിക്കുന്നത്. ട്രസ്റ്റ് അംഗങ്ങളുടെ നിസ്വാർത്ഥമായ സഹകരണമാണ് ഈ സ്ഥാപനത്തിലെ അനാഥരായ അമ്മമാരുടെ സന്തോഷത്തിന്റെ അടിസ്ഥാനം. ഭക്ഷണം, വസ്ത്രം, മരുന്ന്, ആശുപത്രി സേവനങ്ങൾ, പരിചരണം എന്നിവ തികച്ചും സൗജന്യമായിട്ടാണ് നൽകിവരുന്നത്. സജ്ജനങ്ങളുടെ നിർലോഭമായ സഹകരണമാണ് ഞങ്ങളുടെ കരുത്ത്. അവരുടെ അനുഗ്രഹാശിസ്സുകളാണ് മുന്നോട്ടു പോകുവാനുള്ള പ്രേരണാശക്തി. ഭാവിയിലും, ഞങ്ങളോടുള്ള ഈ കരുതലും, അനുഗ്രഹവും തുടരുമെന്നാണ് പ്രതീക്ഷ.


ശ്രീപൂർണ്ണത്രയീശ വൃദ്ധസദനത്തിന് ലഭിക്കുന്ന സഹായങ്ങളിൽ നിന്ന് മിച്ചം പിടിച്ച് സ്വന്തമായൊരു ആസ്ഥാനം ഉണ്ടാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. വാടകയിനത്തിലും മറ്റും ഉണ്ടാവുന്ന ചിലവുകൾ ഒഴിവാക്കിയാൽ കുറച്ചുപേർക്കുകൂടി സഹായം നൽകാൻ കഴിയും ഇക്കാര്യത്തിൽ ഞങ്ങളെ സഹായിക്കാൻ ചില സുമനസ്സുകൾ മുന്നോട്ടുവന്നിട്ടുണ്ട്. അവരുടെ ആത്മാർത്ഥത നിറഞ്ഞ പ്രേരണയും ഇതുവരെ ഞങ്ങളെ നിരന്തരമായി സഹായിച്ചവരിലുള്ള അചഞ്ചലമായ വിശ്വാസവുമാണ് ഈ സാഹസത്തിന് ഞങ്ങളെ പ്രേരിപ്പിച്ചത്. ഈശ്വരാനുഗ്രഹവും മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ നിരന്തര പ്രയത്നവും നാളിതുവരെ ഞങ്ങളോടൊപ്പം എല്ലാ സുഖദുഖങ്ങളിലും പങ്കാളികളായിരുന്നവരുടെ ശക്തമായ പിന്തുണയും, ഈ സംരംഭം വിജയപ്രദമാക്കുന്നതിന് സഹായകമാവും എന്നു ഞങ്ങൾ വിശ്വസിക്കുന്നു. നാളിതുവരെയുള്ള സഹകരണത്തിന് ഒരിക്കൽ കൂടി ശ്രീപൂർണ്ണത്രയീശ ഭഗവാന്റെ നാമത്തിൽ കൃതജ്ഞത അറിയിക്കുന്നു.

**ടി.ഡി. ഗോപാലകൃഷ്ണൻ (ഗോപാൽജി)**
മാനേജിംഗ് ട്രസ്റ്റി



■ 2018ലെ ലോകവൃദ്ധദിനാചരണം റിട്ട. പ്രൊഫ. ടി.പി. താര ഉദ്ഘാടനം ചെയ്യുന്നു.

## സന്ദേശം



**സി.എസ്. മുരളീധരൻ**
ട്രസ്റ്റി, ശ്രീരാമകൃഷ്ണ
സേവാശ്രമം, ആസാദ് റോഡ്, കലൂർ

കേരളത്തിൽ വൃദ്ധസദനങ്ങൾ നാനൂറിലേറെയുണ്ട്, പണം കൊടുത്ത് താമസിക്കുന്നവയും അല്ലാതെയും ആയി. എന്നിട്ടും അനവധി പേർ പ്രവേശനം കിട്ടാതെ വിഷമിക്കുന്നു. ശ്രീപൂർണ്ണത്രയീശ വൃദ്ധസദനം സ്വന്തം ആസ്ഥാനമുണ്ടാക്കാൻ ശ്രമം തുടങ്ങി എന്നറിഞ്ഞ് വളരെ സന്തോഷിക്കുന്നു. സമൂഹത്തിലെ സുമനസ്സുകളുടെ പിന്തുണ നിർലോഭം ഉണ്ടാവട്ടെയെന്ന് ആശംസിക്കുന്നു. ശ്രീരാമകൃഷ്ണ സേവാശ്രമത്തിന്റെ ശക്തമായ പിന്തുണയും ആത്മാർത്ഥമായ സഹകരണവും ഉറപ്പുനൽകുന്നു. സധൈര്യം മുന്നോട്ട് പോകൂ. ശ്രീപൂർണ്ണത്രയീശൻ നിങ്ങളോടൊപ്പമുണ്ട്.



■ എറണാകുളം ജനറൽ ആശുപത്രി മുൻ സൂപ്രണ്ട് ഡോ. ആനി പാലിയേറ്റീവ് കെയർ സംബന്ധിച്ച് വാളണ്ടിയേഴ്സിന് ക്ലാസ്സ് എടുക്കുന്നു.



■ തൃപ്പൂണിത്തുറ RLV UP സ്ക്കൂളിലെ വിദ്യാർത്ഥികൾ അമ്മമാരോടൊപ്പം ഒരു ദിനം ആഘോഷിക്കുന്നു.

രോഗശാന്തിക്കും സ്വാസ്ഥ്യസംരക്ഷണത്തിനും നാഗാർജുന ആയുർവേദ ട്രീറ്റ്മെൻറ് സെന്ററിൽ രാവിലെ എട്ടുമണി മുതൽ വൈകുന്നേരം അഞ്ചു മണിവരെ ഡോക്ടറുടെ സേവനം ലഭ്യമാണ് എന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചു കൊള്ളട്ടെ!

ഡോക്ടറുടെ സേവനം ബുക്ക് ചെയ്യുന്നതിനായി **86067 71708, 73066 57725** എന്നീ നമ്പറുകളിൽ വിളിക്കാം!

NAGARJUNA AYURVEDA
**Ayurveda Treatment Centre**
Bungalow Palace, Opp. Kalikkotta Palace, Tripunithura - 682301

# എഡിറ്റോറിയൽ



**സുഖദ തമ്പുരാൻ**
മാനേജിംഗ് ട്രസ്റ്റി
ശ്രീപൂർണ്ണത്രയീശ പാലിയേറ്റീവ് കെയർ

2019ൽ ശ്രീപൂർണ്ണത്രയീശ വൃദ്ധസദനം ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ ശ്രീപൂർണ്ണത്രയീശ പാലിയേറ്റീവ് കെയർ, പകൽവീട് എന്ന നൂതന പദ്ധതികൾക്ക് തുടക്കം കുറിച്ചുകൊണ്ട് റിട്ട. ജസ്റ്റീസ് ആർ. ഭാസ്കരൻ ഉദ്ഘാടനം ചെയ്തു, സമൂഹത്തിലെ ഏറ്റവും നിർധനരായ രോഗികൾക്കും, കിടപ്പിലായവർക്കും വീടുകളിൽ ചെന്ന് വൈദ്യസഹായവും സാന്ത്വനവും നൽകുക എന്നതാണ് പാലിയേറ്റീവ് കെയറിന്റെ പ്രധാന ഉദ്ദേശം.

വിശാലഹൃദയരായ ഒട്ടനവധി സുഹൃത്തുക്കൾ നൽകിയ വളരെ വിലപിടിപ്പുള്ള വീൽചെയർ, വാക്കർ, എയർ ബെഡ്, തുടങ്ങിയവയും അനുബന്ധ ചികിത്സാ ഉപകരണങ്ങളും എത്തിച്ചു കൊടുക്കുവാൻ ശ്രീ പൂർണ്ണത്രയീശ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനം മൂലം ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് രൂപ വിലവരുന്ന ഈ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി ഞങ്ങളെ ഏൽപ്പിച്ചവരെ കൃതജ്ഞതയോടെ സ്മരിക്കുന്നു. അതെല്ലാം അർഹിക്കുന്ന കരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കുവാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് ശ്രീപൂർണ്ണത്രയീശ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തകർ. ഞങ്ങൾ ഏറ്റെടുത്തിരിക്കുന്നതും, കഴിഞ്ഞകാലങ്ങളിൽ വളരെ നല്ല രീതിയിൽ നടത്തിക്കൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ അടുക്കും, ചിട്ടയും ഉണ്ടാക്കുന്നതിനും, ഇപ്പോൾ ഞങ്ങളോടൊപ്പം അന്തേവാസികളായി കഴിയുന്നവർക്ക് കൂടുതൽ സൗകര്യവും സമാധാനവും സംരക്ഷണവും കൊടുക്കുന്നതിന് സ്വന്തമായ ഒരു ആസ്ഥാനം എന്ന പദ്ധതി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഈ അവസരം ഉപയോഗിക്കട്ടെ.

**Canara Bank Tripunithura**
**0818201001652 IFSC:CNRB0000818**
**MICR Code : 682015011**

**ചെക്കുകളും ഡ്രാഫ്റ്റുകളും ശ്രീപൂർണ്ണത്രയീശ പാലിയേറ്റീവ് കെയർ എന്ന വിലാസത്തിൽ അയയ്ക്കുക**



■ 5–ാം വാർഷികാഘോഷവും പകൽവീട് പാലിയേറ്റീവ് കെയറിന്റെ ഉദ്ഘാടനം റിട്ട. ജസ്റ്റീസ് ആർ. ഭാസ്ക്കരൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു.



■ ലോക പാലിയേറ്റീവ് കെയർ ദിനാചരണത്തോടനുബന്ധിച്ച് 5 വർഷമായി പരിക്കേറ്റ തളർന്ന യുവാവിന്റെ കുടുംബത്തിന് വീൽചെയർ നൽകുന്നു.

# സന്ദേശം



**മൃണാളിനി തമ്പുരാൻ**
വലിയമ്മ തമ്പുരാൻ
കൊച്ചി രാജകുടുംബം

ശ്രീപൂർണ്ണത്രയീശ വൃദ്ധസദനത്തിന്റെ 6–ാം വാർഷികവും പാലിയേറ്റീവ് കെയറിന്റെ 1–ാം വാർഷികവും സംയുക്തമായി ഫെബ്രുവരി 27ന് തൃപ്പൂണിത്തുറ സ്റ്റാച്യു ലായം കൂത്തമ്പലത്തിൽ വച്ച് നടത്തുകയാണല്ലോ. ട്രസ്റ്റിന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു. വാർഷികാഘോഷത്തിന് എല്ലാവിധ ആശംസകളും നേരുന്നതോടൊപ്പം സ്വന്തമായി ഒരു ആശാകേന്ദ്രം ഉണ്ടാകട്ടെയെന്നും ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.



■ രാമായണ മാസാചരണം ശ്രീ. ഇ.എൻ. നന്ദകുമാർ ഉദ്ഘാടനം നിർവ്വഹിക്കുന്നു.



■ ഡൽഹിയിൽ ശ്രീനാരായണ ഗുരു സേവാസമിതി സംഘടിപ്പിച്ച സേവാപുരസ്കാരം ശ്രീ. ഗോപാൽജി ഏറ്റുവാങ്ങുന്നു.


## ഗോപാൽ ക്ലിനിക് & ഡയബറ്റിക് കെയർ സെന്റർ



കണ്ണൻകുളങ്ങര ജംഗ്ഷൻ, തൃപ്പൂണിത്തുറ
ഫോൺ : 7907095295/99

ചീഫ് ഫിസിഷ്യൻ & ഡയബറ്റോളജിസ്റ്റ്
**ഡോ. അനിതാ നമ്പ്യാർ** MBBS, MD, FRCP, FICP, FGSI

**പരിശോധന സമയം**

**ഗോപാൽ ക്ലിനിക്, കണ്ണൻകുളങ്ങര**
രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 1 വരെ
തിങ്കൾ മുതൽ ശനി വരെ)
ഫോൺ : 7907095295/96, 0484 3590482

**വർമ്മ ഹോസ്പിറ്റൽ**
വൈകീട്ട് 3.30 മുതൽ 5.30 വരെ
തിങ്കൾ മുതൽ ശനി വരെ
ഫോൺ : 0484 2781506/08

**വീട്ടിൽ** ALRA-72, ആസാദ് വാട്ടർ ടാങ്കിന് സമീപം, എരൂർ
ഉച്ചയ്ക്ക് 2.30 മുതൽ 3.30 വരെ വൈകീട്ട് 6.30 മതൽ 7.30 വരെ
ഫോൺ : 0484 2779478, 8075319823

**ഞായർ അവധി**




■ വാൽസല്യം 2019ലെ ലോകവൃദ്ധദിനാചരണം ഹെൽപ്പിങ് ഹാൻഡ് അസോസ്സിയേഷൻ സെക്രട്ടറി ശ്രീമതി. രേണുക വി.യു. ഉദ്ഘാടനം ചെയ്യുന്നു.



■ 95 വയസ്സുള്ള മുതിർന്ന അമ്മയെ ശ്രീ. വി.പി. സജീന്ദ്രൻ എം.എൽ.എ. ആദരിക്കുന്നു.




■ 3-ാമത് വാർഷികാഘോഷം അഡ്വ. എം. സ്വരാജ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.



■ അംഗനവാടി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ ശ്രീ. ഗോപാൽജി വിതരണം ചെയ്യുന്നു.



■ തമ്മനം നളന്ദ പബ്ലിക്ക് സ്ക്കൂൾ വിദ്യാർത്ഥികൾ ശ്രീപൂർണ്ണത്രയീശ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾക്ക് വീൽ ചെയർ നൽകുന്നു.



■ പാലിയേറ്റീവ് കെയർ സേവനത്തിന്റെ ഭാഗമായി നിർദ്ധന കുടുംബത്തിന് ഓണക്കിറ്റ് നൽകുന്നു.



■ 2-ാമത് വാർഷികാഘോഷം ശ്രീ. കെ.ബാബു എം.എൽ.എ. ഉദ്ഘാടനം നിർവ്വഹിക്കുന്നു.


BOARD OF TRUSTEES

PATRON



Justice.
K. Thankappan
(Rtd. Judge,
High Court Of Kerala)

MANAGING TRUSTEE



GOPALJI
(Social Service)

CHAIRMAN



Dr.G.S. VENU
(Principal,
Prabhath Public
School,Karimugal)

VICE CHAIRMAN



Adv. V.R.K. KAIMAL
(Highcourt of
Kerala)

TREASURER



LEENA -
GOPALAKRISHNAN
(M.A. B.Ed)

COMMITTEE MEMBERS



K.SAROJAM
(Rtd.D.E.O)



SUKHADA-
THAMPURAN
(Rtd.HR FACT)



SARALA RAJA
(Rtd.New India
Insurance)


**Punjab National Bank Tripunithura**
**4358002100008254 IFSC:PUNB 0435800**

**State Bank of India N.F Gate, Tripunithura**
**36240870202 IFSC: SBIN 0004400**

ചെക്കുകളും ഡ്രാഫ്റ്റുകളും ശ്രീപൂർണ്ണത്രയീശ വൃദ്ധസദനം ചാരിറ്റബിൾ ട്രസ്റ്റ് എന്ന വിലാസത്തിൽ അയയ്ക്കുക

ചാരിറ്റബിൾ ട്രസ്റ്റിന് നൽകുന്ന സംഭാവനകൾക്ക് 80G ആനുകൂല്യം ലഭ്യമാണ്